**569**

ക്രിസ്തുവിൻ സന്നിധിയിൽ കൃപയെഴും തൻ നിഴലിൽ
പാർക്കും ഞാൻ തന്നരികിൽ കീർത്തനം പാടി മുദാ

1 ശോധന നാളുകളിൽ വേദന വേളകളിൽ
സാന്ത്വനമൊഴികളാൽ സങ്കടമകറ്റി സന്തോഷമരുളിടും താൻ-

2 ലോകസൗഭാഗ്യങ്ങളോ ശോകത്തിൻ മാർഗ്ഗങ്ങളാം
ശാശ്വതശാന്തിയെൻ ക്രിസ്തുവിലൊഴികെ വേറെങ്ങും ലഭിക്കയില്ല

3 ദുഃഖിതർക്കാലംബം താൻ സൗഖ്യദായകൻ താൻ
കഠിനമാം വ്യഥകളാൽ കലങ്ങിയമനസ്സിന്നാനന്ദ വല്ലഭൻ താൻ-

4 നിത്യമാം പാർപ്പിടത്തിൽ എത്തിടും നാൾവരെ ഞാൻ
വിശ്രമമെന്നിയേ പ്രവർത്തിക്കും തൻതിരുനാമ മഹത്ത്വത്തിനായ്- **G.P.**